# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 20.10.2026**

### പ്രധാനവാർത്തകൾ

1. ദസറ ആഘോഷങ്ങളുടെ ഭാഗമായി ന്യൂഡൽഹിയിൽ സംഘടിപ്പിച്ച പരിപാടിയിൽ രാഷ്ട്രപതി ദ്രൗപദി മുർമു പങ്കെടുത്തു.
2. മഹാനവമിയോടനുബന്ധിച്ച് സംസ്ഥാനത്തെ ക്ഷേത്രങ്ങളിൽ വൻ ഭക്തജനത്തിരക്ക്. നവരാത്രി ആഘോഷങ്ങൾക്ക് സമാപനം കുറിച്ച് നാളെ വിജയദശമി.
3. ഇന്ത്യ- ഓസ്ട്രേലിയ സംയുക്ത സൈനിക അഭ്യാസത്തിന് തിരുവനന്തപുരത്ത് തുടക്കമായി.
4. ആറാട്ട് ഘോഷയാത്രയോടെ തിരുവനന്തപുരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ അല്പശി ഉത്സവ ആഘോഷങ്ങൾ സമാപനത്തിലേക്ക്.
5. സംസ്ഥാനത്ത് ശനിയാഴ്ച വരെ വ്യാപക മഴയ്ക്ക് സാധ്യത. ഇന്ന് ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രത.
6. ഇന്ത്യ - സിംബാബ്‌വെ വനിത ട്വന്റി - 20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം അൽപസമയത്തിനകം.

&&&&&&&&&&&&&&&&&&&

<u>രാഷ്ട്രപതി -ദസറ</u>

RNUTVPM

രാജ്യമെമ്പാടും വിജയദശമി ആഘോഷങ്ങൾ. ഒമ്പത് ദിവസം നീളുന്ന നവരാത്രി ആഘോഷങ്ങളുടെയും വിപുലമായ ദുർഗ്ഗാ പൂജയുടെയും സമാപനം കുറിക്കുന്ന ഈ ദിനം ദസ്സറയായും ആഘോഷിക്കുന്നു. ന്യൂഡൽഹിയിലെ രാംലീല മൈതാനത്ത് നടന്ന ദസറ ആഘോഷ പരിപാടികളിൽ രാഷ്ട്രപതി ദ്രൗപദി മുർമ്മു പങ്കെടുത്തു. DDA ഉത്സവ് ഗ്രൗണ്ടിൽ സംഘടിപ്പിച്ച ദസറ ആഘോഷങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇപ്പോൾ പങ്കെടുക്കുകയാണ്.

&&&&&&&&&&&&&&&&&&&

<u>മഹാനവമി</u>

മഹാനവമിയോടനുബന്ധിച്ച് സംസ്ഥാനത്തെ ക്ഷേത്രങ്ങളിൽ വൻ ഭക്തജനത്തിരക്ക്. വീടുകളിലും ക്ഷേത്രങ്ങളിലും പുസ്തകങ്ങളും തൊഴിലുപകരണങ്ങളും ആയുധങ്ങളും ഈ ദിവസം പ്രത്യേകമായി പൂജിക്കുന്നു. നവരാത്രി ആഘോഷങ്ങൾക്ക് സമാപനം കുറിച്ച് നാളെ വിജയദശമി ദിനത്തിൽ പൂജയെടുപ്പും വിദ്യാരംഭ ചടങ്ങുകളും നടക്കും.

RNU TVPM

&&&&&&&&&&&&&&&&&&&

<u>വിദ്യാരംഭം- തിരുവന ന്തപുരം</u>

അറിവിൻറെ ആദ്യാക്ഷരം കുറിക്കുന്ന വിദ്യാരംഭ ചടങ്ങുകൾക്കുള്ള ഒരുക്കങ്ങൾ അന്തിമ ഘട്ടത്തിൽ. ക്ഷേത്രങ്ങൾ, ക്രൈസ്തവ ദേവാലയങ്ങൾ, വിവിധ സാംസ്കാരിക സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നാളെ വിദ്യാരംഭം സംഘടിപ്പിക്കും. തിരുവനന്തപുരം ജില്ലയിൽ കോട്ടയ്ക്കകം നവരാത്രിമണ്ഡപം, പൂജപ്പുര സരസ്വതി ക്ഷേത്രം, ആര്യശാല ഭഗവതിക്ഷേത്രം, ചെന്തിട്ട

ഭഗവതീക്ഷേത്രം എന്നിവിടങ്ങളിലെല്ലാം വിദ്യാരംഭ ചടങ്ങുകൾ നടക്കും. നവരാത്രി മണ്ഡപത്തിൽ മാത്രം 400 ഓളം കുട്ടികളെ എഴുത്തിനിരുത്തും.

&&&&&&&&&&&&&&&&&&&

<u>പാലക്കാട് (ഇൻട്രോ)</u>

പാലക്കാട് ജില്ലയിൽ വിദ്യാരംഭ ദിനത്തിൽ പ്രധാനമായും എഴുത്തിനിരുത്ത് നടക്കുന്നത് ചിറ്റൂർ തുഞ്ചൻ മഠത്തിലും ലക്കിടി കുഞ്ചൻ നമ്പ്യാർ സ്മാരകത്തിലുമാണ്. ഇതിനായുള്ള ഒരുക്കങ്ങൾ പൂർത്തിയായി.

**പാലക്കാട് നിന്നും ആകാശവാണി പ്രതിനിധി ഫൈസൽ അലിമുത്ത് തയ്യാറാക്കിയ റിപ്പോർട്ട്.**

(ഹോൾഡ് വോയ്സ്........)

&&&&&&&&&&&&&&&&&&&

<u>വിദ്യാരംഭം -മലപ്പുറം</u>

RNJ TVPM

തിരൂർ തുഞ്ചൻ പറമ്പിൽ നാളെ രാവിലെ 5 മണിക്ക് എഴുത്തിനിരുത്ത് ചടങ്ങുകൾ ആരംഭിക്കും. പരമ്പരാഗത എഴുത്താശാൻമാർ കൃഷ്ണശിലാ മണ്ഡപത്തിലും സാഹിത്യകാരൻമാർ സരസ്വതി മണ്ഡപത്തിലും കുട്ടികളുടെ നാവിൽ ഹരിശ്രീ കുറിക്കും. നാലായിരത്തോളം കുട്ടികൾ ആദ്യക്ഷരം കുറിക്കാൻ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. തിരക്ക് കണക്കിലെടുത്ത് തിരൂർ നഗരത്തിലും ചമ്രവട്ടം പാതയിലും ഇന്ന് അർദ്ധരാത്രി മുതൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&&

രമേശ് ചെന്നിത്തല

ലഹരിമുക്ത ഭാരതത്തിന് കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ യോഗം വിളിക്കണം എന്ന് ആവശ്യപ്പെട്ട് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല കേന്ദ്രത്തിന് കത്തയച്ചു. കേരളത്തിൽ പിടികൂടുന്ന ലഹരിയുടെ പിന്നിൽ സംസ്ഥാനത്തിന് പുറത്തേക്കും വിദേശത്തേക്കും നീളുന്ന വൻ ശൃംഖലകൾ ഉണ്ടെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായ്ക്ക് അയച്ച കത്തിൽ പറയുന്നു. ലഹരിമാഫിയയുടെ സാമ്പത്തിക സ്രോതസ്സുകൾ തകർക്കാനും സ്വത്തുക്കൾ ഉടനടി കണ്ടുകെട്ടാനുമുള്ള നടപടികൾ ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടാണ് അദ്ദേഹം കത്തയച്ചത്.

&&&&&&&&&&&&&&&&&&&

RNU TVPM

മന്ത്രി ബിന്ദുകൃഷ്ണ (ഇൻട്രോ)

ആലപ്പുഴ കാർത്തികപ്പള്ളിയിൽ പോഷകാഹാരക്കുറവുമൂലം കുഞ്ഞു മരിച്ചതിൽ കുട്ടിയുടെ പിതാവിനെതിരെ കേസെടുക്കാൻ ആഭ്യന്തരവകുപ്പിനോട് ആവശ്യപ്പെടുമെന്ന് മന്ത്രി ബിന്ദു കൃഷ്ണ. ഇപ്പോൾ ജനിച്ച കുഞ്ഞിനെ CWC ഏറ്റെടുക്കുമെന്നും കുട്ടിയുടെ പിതാവിൻറെ വീട് സന്ദർശിച്ച ശേഷം മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു. സമാന സാഹചര്യമുള്ള കുടുംബങ്ങളിലെ കുട്ടികളുടെ പട്ടിക തയ്യാറാക്കുമെന്നും ശ്രീമതി ബിന്ദു കൃഷ്ണ അറിയിച്ചു.

(ഹോൾഡ് വോയ്സ്.........)

&&&&&&&&&&&&&&&&&&&

സ്പൈനൽ മസ്കുലാർ അട്രോഫി

സ്പൈനൽ മസ്കുലാർ അട്രോഫി സംബന്ധിച്ച സർക്കുലർ മുൻ സർക്കാരിൻറെ കാലയളവിൽ പുറപ്പെടുവിച്ചതാണെന്ന് ആരോഗ്യ മന്ത്രി കെ മുരളീധരൻ. SMA ബാധിച്ച കുട്ടികൾക്ക് മാതാപിതാക്കളുടെ പൂർണ്ണ സമ്മതമില്ലാതെ പരീക്ഷണ ലേബലുള്ള മരുന്നുകൾ നൽകി എന്ന വാർത്ത സംബന്ധിച്ച് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. അതേസമയം, ഗുരുതര രോഗം ബാധിച്ച കുഞ്ഞുങ്ങളെ പരീക്ഷണവസ്തുക്കളാക്കി മാറ്റുകയാണോ എന്ന ചോദ്യമാണ് ഇവിടെ ഉയർന്നിരിക്കുന്നതെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&&

**മന്ത്രി ഷിബു ബേബി ജോൺ**

സംസ്ഥാനത്തെ എക്കോ ടൂറിസം കേന്ദ്രങ്ങളെ പൂർണ്ണമായും മാലിന്യ വിമുക്തമാക്കുമെന്ന് മന്ത്രി ഷിബു ബേബി ജോൺ. പത്തനംതിട്ട ഗവിയിൽ തോട്ടം തൊഴിലാളികളുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് നിരോധനം കർശനമായി നടപ്പാക്കുമെന്നും മന്ത്രി പറഞ്ഞു.

PNU TVPM

&&&&&&&&&&&&&&&&&&&

**സംരക്ഷ 2026**

സംസ്ഥാന പോലീസിൻറെ സന്നദ്ധ രക്തദാന പദ്ധതിയായ പോൽ ബ്ലഡ് സംഘടിപ്പിക്കുന്ന മെഗാ രക്തദാന ക്യാമ്പ് 'സംരക്ഷ 2026' ൻറെ ഉദ്ഘാടനം നാളെ നടക്കും. സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്രശേഖർ പോലീസ് ആസ്ഥാനത്ത് ക്യാമ്പിന് തുടക്കം കുറിക്കും. കേരള

പോലീസിൻറെ 'പോൽബ്ലഡ്' പദ്ധതിയും കേരള സ്റ്റേറ്റ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലും സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&&&&&

<u>മൻ കി ബാത്ത്</u>

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 25 ന്. പരിപാടിയുടെ 139-◌ാ◌ം പതിപ്പാണിത്. 'മൻ കീ ബാത്തി'ലേക്കുള്ള നിർദേശങ്ങൾ MYGOV ഓപ്പൺ ഫോറത്തിലോ, 1800-11-7800 എന്ന ടോൾഫ്രീ നമ്പറിലോ വെള്ളിയാഴ്ച വരെ അറിയിക്കാം.

RNUTVPM

&&&&&&&&&&&&&&&&&&&

<u>വോട്ടർപട്ടിക</u>

സംസ്ഥാനത്ത് വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനുള്ള പ്രത്യേക യജ്ഞം പുരോഗമിക്കുന്നു. വില്ലേജ് ഓഫീസുകളിൽ സജ്ജമാക്കിയ ഹെൽപ്പ് ഡെസ്കുകൾ വഴിയും ഓൺലൈനായും പേര് ചേർക്കാം. പുതുതായി പേര് ചേർക്കുന്നതിന് ഇതുവരെ 1,708 അപേക്ഷകളാണ് ലഭിച്ചത്. ഒക്ടോബർ 31 വരെ വില്ലേജ് ഓഫീസുകളിലെ ഹെൽപ്പ് ഡെസ്കുകൾ സജീവമായി പ്രവർത്തിക്കും. സംശയങ്ങൾക്ക് 1950 എന്ന ടോൾ ഫ്രീ ഹെൽപ്പ് ലൈൻ നമ്പറിലോ <u>ceo.kerala.gov.in</u> എന്ന വെബ്സൈറ്റ് മുഖേനയോ ബന്ധപ്പെടാം.

&&&&&&&&&&&&&&&&&&&&

<u>ഇന്ത്യ- ഓസ്ട്രേലിയ സൈനിക അഭ്യാസം (ഇൻട്രോ)</u>

ഇന്ത്യ- ഓസ്ട്രേലിയ സംയുക്ത സൈനിക അഭ്യാസത്തിന് തിരുവനന്തപുരത്തു തുടക്കമായി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖക ൻ സ്മിതി എം പള്ളുരുത്തി..

(വോയിസ്)

&&&&&&&&&&&&&&&&&&&&

<u>മഴ</u>

സംസ്ഥാനത്ത് തുലാവർഷം ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. വിവിധ ഇടങ്ങളിൽ ശനിയാഴ്ച വരെ ഇടിമിന്നലോട് കൂടിയ മഴയ്ക്കും മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്. തിരുവനന്തപുരം മുതൽ ഇടുക്കി വരെയുള്ള ഏഴ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നാളെ തിരുവനന്തപുരം മുതൽ മലപ്പുറം വരെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കേരളം, കർണാടകം, ലക്ഷദ്വീപ് തീരങ്ങളിൽ മറ്റന്നാൾ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

RNU TVPM

&&&&&&&&&&&&&&&&&&&&

<u>ഇടുക്കി (ഇൻട്രോ)</u>

കൊച്ചി-ധനുഷ്ക്കോടി ദേശീയപാതയിലെ അടിമാലി, മൂന്നാർ റൂട്ടിൽ കൂറ്റൻ പാറ വീണതിനെ തുടർന്ന് ഗതാഗതം

പൂർണ്ണമായി നിരോധിച്ചു. മണ്ണ് നീക്കുന്നതിനിടെ റോഡിലേക്ക് പാറ പതിച്ചതിനെ തുടർന്ന് വാഹനങ്ങൾ ആനച്ചാൽ വഴി തിരിച്ചുവിട്ടു.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ......**

(വോയിസ്)

**&&&&&&&&&&&&&&&&&&&**

<u>ആറാട്ട്</u>

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ ഈ വർഷത്തെ അല്പശി ഉത്സവത്തിന് സമാപനം കുറിച്ചു കൊണ്ടുള്ള ആറാട്ട് ഘോഷയാത്ര പുരോഗമിക്കുന്നു. വൈകുന്നേരത്തോടെ ക്ഷേത്രത്തിലെ പടിഞ്ഞാറെ നടയിൽ നിന്ന് ഗരുഡവാഹനത്തിൽ ശ്രീപദ്മനാഭസ്വാമിയേയും നരസിംഹമൂർത്തിയേയും തിരുവമ്പാടി ശ്രീകൃഷ്ണസ്വാമിയെയും പുറത്തേക്ക് എഴുന്നള്ളിച്ചു. തുടർന്ന് തിരുവനന്തപുരം നഗരത്തിലെ നാല് ക്ഷേത്രങ്ങളിലെ വിഗ്രഹങ്ങളുടെ അകമ്പടിയോടെ ആറാട്ട് ഘോഷയാത്ര ശംഖുമുഖത്തേക്ക് പുറപ്പെട്ടു. ശംഖ്മുഖത്ത് വിഗ്രഹങ്ങൾ പൂജകൾക്കു ശേഷം സമുദ്രത്തിൽ ആറാടിക്കും. രാത്രിയോടെ വിഗ്രഹങ്ങളെ ക്ഷേത്രങ്ങളിലേക്ക് തിരിച്ചെഴുന്നള്ളിക്കും.

**&&&&&&&&&&&&&&&&&&&**

<u>ക്രിക്കറ്റ്</u>

സിംബാബ്‌വെക്കെതിരായ വനിത ടി-ട്വന്റി ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരത്തിൽ ഇന്ത്യക്ക് ബാറ്റിംഗ്.

PNU TVPM

ടോസ് നേടിയ ഇന്ത്യ ബാറ്റിംഗ് തിരഞ്ഞെടുക്കുകയായിരുന്നു. മത്സരം അൽപസമയത്തിനകം റായ്പൂരിൽ ആരംഭിക്കും.

**&&&&&&&&&&&&&&&&&&&**

<u>ഏഷ്യൻ പാരാ ഗെയിംസ്</u>

ജപ്പാനിലെ ഐച്ചി-നഗോയയിൽ നടക്കുന്ന ഏഷ്യൻ പാരാ ഗെയിംസിൽ, മെഡൽ വേട്ട തുടർന്ന് ഇന്ത്യ. 9 സ്വർണ്ണം, 11 വെള്ളി 14 വെങ്കലം ഉൾപ്പെടെ 34 മെഡലുകൾ ഇന്ത്യ നേടി. പുരുഷൻമാരുടെ ഡിസ്കസ് ത്രോയിൽ മൂന്ന് മെഡലുകളാണ് ഇന്ത്യയ്ക്ക് ലഭിച്ചത്. ഈ ഇനത്തിൽ ദേവേന്ദ്രകുമാർ സ്വർണ്ണം കരസ്ഥമാക്കി. വനിതകളുടെ 200 മീറ്ററിൽ ഇന്ത്യയുടെ സിമ്രാനും, 400 മീറ്റർ ടി - 20 ഇനത്തിൽ ഗെയിംസ് റെക്കോർഡോടെ ദീപ്തി ജീവൻജിയും സ്വർണം നേടി.

**&&&&&&&&&&&&&&&&&&&**

**&&&&&&&&&&&&&&**

**&&&**

RIUTVPM